(സി) വിസ്തീർണ്ണവും ജനസംഖ്യയും മാനദണ്ഡമാക്കി ലഭ്യമാക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) നഗരപ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സൗകര്യം മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നു. എ.ഡി.ബി. ധനസഹായത്തോടെയുള്ള KSUDP പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ JNNURM, ഐ.എച്ച്.എസ്. ഡി.പി., യു.ഐ.ഡി. എസ്.എസ്. എം.റ്റി, രാജീവ് ആവാസ് യോജന, സ്മാർട്ട് സിറ്റി മിഷൻ പദ്ധതികൾ, അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് ട്രാൻസ്ഫോർമേഷൻ (AMRUT), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ സ്കീം, പി.എം.എ.വൈ., എൽ.യു.എൻ.എം. എന്നിവയും സംസ്ഥാന വികസന പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും നഗരസഭാ പ്രദേശങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതിലും ജനസംഖ്യ മാനദണ്ഡം പരിഗണിക്കുന്നുണ്ട്.

(സി) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM), രാജീവ് ആവാസ് യോജന (RAY), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ (ILCS), സ്മാർട്ട് സിറ്റി മിഷൻ, അമൃത് എന്നിവ ജനസംഖ്യ അടിസ്ഥാനമാക്കി നടപ്പിലാക്കുന്നവയാണ്.

മലിനജല സംസ്കരണ പ്ലാന്റുകൾ

92 (2725) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതുപദ്ധതിയുടെ ഭാഗമായാണ് ആയത് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിക്ക് ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നതെന്നും ആയത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ മലിനജല സംസ്കരണ പ്ലാന്റുകളും മലിനജലവാഹകശൃംഖലകളും അനുബന്ധ പണികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്ത് 72 കോടി രൂപ ചെലവിൽ ദിനംപ്രതി 107 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള ആധുനിക പ്ലാന്റ് നിർമ്മിച്ച് വിജയകരമായി പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് രണ്ട് പാക്കേജുകളിലായി 64.86 കോടി രൂപ അടങ്കൽ തുകയുള്ള അറ്റകറ്റ പണികളും നിലവിൽ കേരള വാട്ടർ അതോറിറ്റി പണി പൂർത്തിയാക്കാതിരുന്ന പദ്ധതിയും പൂർത്തീകരിക്കാൻ കരാർ നൽകി പണി പുരോഗമിക്കുന്നു. ഇതിൽ മലിനജല വാഹക കഴലുകൾ വൃത്തിയാക്കുന്ന മെഷീനുകളും പമ്പുഹൗസുകളുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏഷ്യൻ വികസന ബാങ്കിന്റെ പദ്ധതി കാലാവധി 2016 ജൂൺ 30 വരെ ആയി നിജപ്പെടുത്തിയിട്ടുണ്ട്. കൊല്ലം നഗരസഭയിൽ രണ്ടുപാക്കേജുകളിലായി 90 കോടി രൂപ അടങ്കലുള്ള രണ്ടുമലിനജല വാഹകശൃംഖലയും പമ്പുഹൗസുകളും അനുബന്ധ പണികളും നിലവിൽ 80-തുകളിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ച വാഹകശൃംഖലകൾ പ്രവർത്തനക്ഷമമാക്കി ദിനംപ്രതി 12 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റിൽ എത്തിക്കാനാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിൽ 90 കോടി രൂപയുടെ പണി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്ലാന്റിന്റെ പണി പൊതുജനങ്ങളുടെ എതിർപ്പുമൂലം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കൊച്ചിയിൽ നാലു പാക്കേജുകളിലായി വാഹകശൃംഖലയും പമ്പുഹൗസുകളും അനുബന്ധ പണികളുംകൂടി ആകെ 165 കോടി രൂപ അടങ്കൽ തുകയുള്ള പണികൾ കരാർ നല്കി പണി പ്രാരംഭഘട്ടത്തിലാണ്. ഇവിടെയും പൊതുജനങ്ങളുടെയും പ്രാദേശിക നേതാക്കളുടെയും എതിർപ്പുമൂലം പണി മന്ദഗതിയിലാണ്. കൂടാതെ ദിനംപ്രതി 12 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റ് മുണ്ടൻവേലിയിൽ നിർമ്മിക്കാൻ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ടെണ്ടർ ചെയ്യുകഴിഞ്ഞു. കോഴിക്കോട് നഗരസഭയിൽ ആകെ 94 കോടി രൂപ ചെലവിൽ രണ്ടു പാക്കേജുകൾ, വാഹകശൃംഖലയും പമ്പുഹൗസുകളും അനുബന്ധ പണികളും ഒരു പാക്കേജ് ദിനംപ്രതി 13.5 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റിന്റെയും പണികൾ പുരോഗമിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേന്ദ്രാവിഷ്കൃത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയായ ജവഹർലാൽ നെഹ്രു അർബൻ റിന്യൂവൽ മിഷനിലുൾപ്പെടുത്തി 35 കോടി രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ച് കെ.എസ്.യു.ഡി.പി. മുഖേന തിരുവനന്തപുരത്ത് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ സ്ഥാപിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ കക്കൂസ് മാലിന്യം സംസ്കരിക്കാവുന്ന തരത്തിലാണ് പ്ലാന്റ് രൂപകല്പന ചെയ്തിട്ടുള്ളത്. കൊച്ചിയിൽ ബ്രഹ്മപുരത്ത് ദിനംപ്രതി 100 m^3 (5000 ലിറ്റർ ശേഷിയുള്ള 5 ടാങ്കറുകൾ) കക്കൂസ് മാലിന്യം സംസ്കരിക്കാനുള്ള ഇന്ത്യയിലെ ആദ്യത്തെ നൂതന പ്ലാന്റ് വിജയകരമായി പൂർത്തിയാക്കി പ്രവർത്തിച്ചു തുടങ്ങി.

മേൽ വിവരിച്ചപ്രകാരം മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാൻ ഏഷ്യൻ വികസന ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായമാണ് ലഭ്യമാക്കിയിട്ടുള്ളത്. കൊല്ലത്തും കൊച്ചിയിലും സംസ്ഥാന സർക്കാരാണ് സംസ്കരണ പ്ലാന്റിന് പണം മുഴുവൻ ചെലവഴിക്കേണ്ടത്.

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി

93 (2726) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഈയടുത്തുണ്ടായ ഭൂകമ്പ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഭേദഗതി പുനഃപരിശോധിക്കാൻ തയ്യാറാകുമോ ;

(സി) കെട്ടിടത്തിന്റെ ഉയരം കൂടുന്തോറും രക്ഷാപ്രവർത്തനം ചെയ്യുന്നതിന് ആവശ്യമായ തുറസ്സായ സ്ഥലം നിർബന്ധമായി നൽകണമെന്നതരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തയ്യാറാകുമോ ;

(ഡി) നിലവിലുള്ള കെട്ടിടങ്ങൾക്ക് ബഹുനിലകൾ നിർമ്മിക്കുമ്പോൾ കെട്ടിടം ഉറപ്പുള്ളതാണോ എന്ന പരിശോധന നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; പ്രസ്തുത സംവിധാനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ തൃപ്തികരമായ സംവിധാനം ഒരുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly